നടപ്പാക്കുന്നതിനാവശ്യമായ കനാൽ നിർമ്മാണ പ്രവൃത്തികളും എം. ആർ. ബി. സി. ചെയിനേജ് 2010 മീറ്റർ മുതൽ 12075 മീറ്റർ വരെ വീതി കൂട്ടുന്ന പ്രവൃത്തികളുമാണ് ഇപ്പോൾ നടന്നുവരുന്നത്. പഴശ്ശി, കാഞ്ഞിരപ്പുഴ പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാവുന്ന സ്ഥിതിയിലാണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ പണികൾ ഊർജ്ജിതമായി നടന്നുവരുന്നു. ടി പദ്ധതി 2007-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പണികളും ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) എല്ലാ വൻകിട ജലസേചന പദ്ധതികളുടേയും പ്രവർത്തന പുരോഗതി ഡിപ്പാർട്ട്മെന്റ് തലത്തിൽ എല്ലാ മാസവും വിലയിരുത്താറുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ പുരോഗതി സെൻട്രൽ വാട്ടർ കമ്മീഷന്റെ മോണിറ്ററിംഗ് ടീം 2004 മേയ് മാസത്തിലാണ് ഏറ്റവും ഒടുവിൽ വിലയിരുത്തിയിട്ടുള്ളത്.

ഇടമലയാർ ജലസേചന പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ആക്ഷൻ പ്ലാൻ മുതലായവയെക്കുറിച്ചും പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ 22-6-2004-ൽ ചർച്ച നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. മൂവാറ്റുപുഴ പദ്ധതി പ്രദേശം ജലവിഭവ മന്ത്രിയും ഉയർന്ന ഉദ്യോഗസ്ഥരും 2004 മേയ് മാസം മൂന്നാം വാരം സന്ദർശിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തു.

(സി) പദ്ധതി വിഹിതത്തിന്റെ കുറവ്, സമ്പത്തിക പ്രതിസന്ധി മൂലം പദ്ധതിക്കുള്ള ഫണ്ടും ലെറ്റർ ഓഫ് ക്രെഡിറ്റും യഥാസമയം നൽകുവാൻ കഴിയാത്ത അവസ്ഥ, കോടതി നടപടികൾ മൂലം പണികൾക്കുള്ള തടസ്സം, റെയിൽവേ, വാട്ടർ അതോറിറ്റി മുതലായ വകുപ്പുകൾ ചെയ്യേണ്ട ജോലികൾ യഥാസമയം ചെയ്തു തീർക്കാത്ത അവസ്ഥ, പ്രീക്വാളിഫിക്കേഷൻ ബിഡുകൾക്ക് അനുമതി നൽകുവാൻ വരുന്ന കാലതാമസം തുടങ്ങിയവയാണ് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താൻ താമസിക്കുന്നതിനുള്ള കാരണങ്ങൾ.

പ്രതികൂല കാലാവസ്ഥ, മണലിന്റെ ലഭ്യതക്കുറവ്, സ്ഥലമേറ്റെടുക്കുന്നതിലുള്ള കാലതാമസം എന്നിവയും കാരണങ്ങളാണ്.

(ഡി) ഇല്ല.

(ഇ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഭൂജല സംരക്ഷണ പദ്ധതി

28 [2741] ശ്രീ. റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല സംരക്ഷണ പദ്ധതി നടപ്പാക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഭൂജല നിക്ഷേപത്തിന്റെ തോത് കണക്കാക്കാൻ നിലവിൽ സംവിധാന മുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഭൂജല അതോറിറ്റി രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(ഇ) ഇല്ലെങ്കിൽ രൂപീകരിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ ചൂഷണം ക്രമീകരിക്കുന്നതിനുംവേണ്ടി 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരമുള്ള ഭൂജല അതോറിറ്റി 15-1-2004-ൽ നിലവിൽ വന്നു. ഭൂജല ചൂഷണത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി ക്രമരഹിതമായി ഭൂജലം ചൂഷണം ചെയ്യുന്ന പ്രദേശങ്ങളിൽ വിജ്ഞാപനം ചെയ്യൽ, ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം എന്നിവയാണ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഭൂജല സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഭൂജല വകുപ്പു 2004-05-ൽ ഭൂഗർഭ ജല പരിരക്ഷയും ആർട്ടിഫിഷ്യൽ റീചാർജിംഗും, മഴവെള്ള സംഭരണം എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) കേരള സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് പഠനം നടത്തിയിട്ടുണ്ട്. ഇത് കൂടാതെ ഭൂജല വകുപ്പ് ഹൈഡ്രോളജി പ്രോജക്ടിലെ എച്ച്. ഐ. എസ്. ഡേറ്റാ ഉപയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) ഭൂജല നിക്ഷേപത്തിന്റെ തോത് കണക്കാക്കുവാൻ നിലവിൽ സംവിധാന മുണ്ട്. കേരള സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചുള്ള രീതിയിൽ ഭൂജല നിക്ഷേപം കണക്കാക്കിയിട്ടുണ്ട്. അതനുസരിച്ച് കേരളത്തിലെ മൊത്തം ഭൂജല ലഭ്യത 6229.04 മില്യൻ ക്യൂബിക് മീറ്ററായി കണക്കാക്കിയിരിക്കുന്നു. ആകെ ഭൂജല ഉപഭോഗം 2693.38 മില്യൻ ക്യൂബിക് മീറ്ററായും കണക്കാക്കിയിരിക്കുന്നു.

(ഡി) 15-01-2004-ൽ 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമുള്ള ഭൂജല അതോറിറ്റി രൂപീകരിച്ചു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

2/53/2013—10.

LIBRARY ARCHIVES Kerala Legislative Assembly